21 (*111) സ്വകാര്യ വിദ്യാഭ്യാസ മാനേജ്മെന്റുകളെ നിയന്ത്രിക്കാൻ നടപടി

ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :

ശ്രീ. സി.കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികളെ ഒന്നാം ക്ലാസ്സിൽ പ്രവേശിപ്പിക്കുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും ശുപാർശകൾ സംസ്ഥാന കരിക്കുലം കമ്മിറ്റി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ശുപാർശയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രീ-പ്രൈമറി ഘട്ടത്തിൽ ഭാഷാപഠനത്തെ സംബന്ധിച്ച സംസ്ഥാന കരിക്കുലം കമ്മിറ്റി എന്തെങ്കിലും നിർദ്ദേശം മുന്നോട്ടു വച്ചുവോ;

(ഡി) എങ്കിൽ എന്തെല്ലാം നിർദ്ദേശങ്ങളെന്ന് വെളിപ്പെടുത്തുമോ;

(ഇ) അപ്പർ പ്രൈമറി, സെക്കന്ററി എന്നീ ഘട്ടങ്ങളിൽ വിദ്യാർത്ഥികൾ ഏതെങ്കിലും മേഖലകളിൽ പരിജ്ഞാനം നേടിയിരിക്കണമെന്ന് കരിക്കുലം കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി ശ്രീ. പി.ജെ. ജോസഫ് :

(എ) കരിക്കുലം കമ്മിറ്റി അംഗീകരിച്ച സമീപന രേഖയിൽ ഇത്തരത്തിൽ ഒരു നിർദ്ദേശം ഉണ്ട്.

(ബി) ആറു വയസ്സ് പൂർത്തിയാകുമ്പോൾ ഒന്നാം ക്ലാസ്സിൽ കുട്ടിയെ പ്രവേശിപ്പിക്കുന്നതാണ് അഭിലഷണീയം എന്നതും പ്രീ-സ്ക്കൂൾ ഘട്ടത്തിന്റെ സ്വാഭാവികമായ വികാസമായിരിക്കണം 1-ാം ക്ലാസ്സിലെ പഠനം എന്നതുമാണ് പ്രസ്തുത ശുപാർശ.

(സി&ഡി) പ്രീ-പ്രൈമറി ഘട്ടത്തിൽ ഭാഷാപഠനത്തെ സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ കരിക്കുലം കമ്മിറ്റി മുന്നോട്ടു വച്ചിട്ടുണ്ട്.

1. പ്രീ-പ്രൈമറി ഘട്ടത്തിൽ ഭാഷ മാതൃഭാഷതന്നെയായിരിക്കണം.
2. ഇംഗ്ലീഷ് മീഡിയം പ്രീ-പ്രൈമറി സ്ക്കൂളിലും അവിടത്തെ ഭാരിച്ച പാഠപദ്ധതിയും കുട്ടിയുടെ നൈസർഗ്ഗികമായ വളർച്ചയ്ക്ക് അനുകൂലമെന്നുള്ള വസ്തുത അവഗണിച്ചു.
3. ഇംഗ്ലീഷ് പ്രീ-പ്രൈമറി സ്ക്കൂളുകൾ നിരുത്സാഹപ്പെടുത്തേണ്ടതാണ്.
4. കുട്ടിയുടെ ആശയവിനിമയ മാധ്യമം മാതൃഭാഷയായിരിക്കണം.

(ഇ) അപ്പർ പ്രൈമറി, സെക്കന്ററി ഘട്ടങ്ങളിൽ നടപ്പിലാക്കുവാനായി നിർദ്ദേശിക്കപ്പെട്ട ശുപാർശകളെ ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അപ്പർ പ്രൈമറി

1. മാതൃഭാഷയിലൂടെയുള്ള ആശയവിനിമയ ശേഷി പുഷ്ടിപ്പെടാനും സാഹിത്യം ആസ്വദിക്കുന്നതിനും അനായാസം എഴുതാനും ഈ ഘട്ടത്തിൽ സാധിക്കണം.
2. ഇംഗ്ലീഷിൽ ലളിതമായ ആശയ വിനിമയത്തിന് കഴിയണം.
3. യു.പി. ഘട്ടം പൂർത്തിയാകുന്ന മുറയ്ക്ക് ഹിന്ദിയിലൂടെയുള്ള ലളിതമായ ആശയവിനിമയത്തിനു കൂടി പ്രാപ്തി നേടണം.
4. സാമൂഹിക രാഷ്ട്രീയ സ്ഥാപനങ്ങൾ അവയ്ക്ക് കാലാന്തരത്തിൽ വരുന്ന പരിണാമം എന്നിവയും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം.
5. ക്ഷേത്ര ഗണിത പഠനവും ബീജഗണിത പഠനവും ആരംഭിക്കണം.
6. അന്വേഷണതൃഷ്ണയും വിമർശനബുദ്ധിയും വികസിപ്പിച്ചെടുക്കണം.
7. കമ്പ്യൂട്ടർ പഠനം ഈ ഘട്ടത്തിന്റെ അവസാനം കരിക്കുലത്തിന്റെ ഭാഗമാക്കണം.

സെക്കന്ററി ഘട്ടം

1. സാംസ്ക്കാരികമായ ആശയ വിനിമയത്തിന് കൂടി മാതൃഭാഷയിൽ പ്രാവീണ്യം നേടണം.
2. ഇംഗ്ലീഷിലും ഹിന്ദിയിലും വായിക്കുന്നതിനും എഴുതുന്നതിനുമുള്ള പ്രാപ്തി നേടണം.
3. ഇൻഫർമേഷൻ ടെക്നോളജിയുടെ സാധ്യതകൾ ആരായുന്നതിന് കഴിയണം.
4. അഭിരുചിയ്ക്ക് അനുസൃതമായ പഠന മേഖല തെരഞ്ഞെടുക്കാൻ സെക്കന്ററി ഘട്ടത്തിന്റെ അന്ത്യത്തിൽ കുട്ടിക്ക് കഴിയണം.
5. പൗരബോധം, ശുചിത്വ ബോധം, സ്ത്രീ പുരുഷ സമത്വ വിചാരം എന്നിവ ഉറപ്പാക്കുവാൻ ഈ ഘട്ടത്തിലെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിലൂടെ സാധിക്കണം.

22 (*112) സ്വകാര്യ കോളേജുകളുടെ ഭരണം നിയന്ത്രിക്കുന്നതിൽ സർവ്വകലാശാലകൾക്കും വിദ്യാഭ്യാസ വകുപ്പിനും ഉള്ള പങ്ക്

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. എം.എ. തോമസ് :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ കോളേജുകളുടെ ഭരണം നിയന്ത്രിക്കുന്നതിൽ സർവ്വകലാശാലകൾക്കും വിദ്യാഭ്യാസ വകുപ്പിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly